# പതിമൂന്നാം കേരള നിയമസഭ

## ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **567**

**19-03-2013**-ലെ മറുപടിക്ക്

**ദുരന്ത നിവാരണ ഫണ്ട് വിനിയോഗം സംബന്ധിച്ച്**

ചോദ്യം
ശ്രീ.കോടിയേരി ബാലകൃഷ്ണൻ

മറുപടി
ശ്രീ.കെ.എം.മാണി
(ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും എന്തു തുക ലഭ്യമായിട്ടുണ്ടെന്ന് വിശദമാക്കാമോ ? | ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും 2011-12 സാമ്പത്തിക വർഷത്തിൽ 212.91 കോടി രൂപയും 2012-13 സാമ്പത്തിക വർഷത്തിൽ 108.38 കോടി രൂപയും ലഭ്യമായിട്ടുണ്ട്. |
| (ബി) | ഈ തുക ഏത് ഹെഡ് ഓഫ് അക്കൗണ്ടിലാണ് വകയിരുത്തിയിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ? | ദേശീയ ദുരന്ത നിവാരണ ഫണ്ടിൽ നിന്നും ലഭ്യമായ തുകകൾ 2245-01-Drought 2245-02 - Floods, Cyclones etc എന്നീ ശീർഷകങ്ങളിലാണ് വകയിരുത്തിയിട്ടുള്ളത്. |
| (സി) | സംസ്ഥാനത്തിന്റെ എസ്.ഡി.ആർ. എഫ് ൽ നിന്ന് ഈ സർക്കാരിന്റെ കാലയളവിൽ എന്തു തുക ചെലവഴിച്ചെന്നും ഇനിയെത്ര മിച്ച മുണ്ടെന്നും വിശദീകരിക്കാമോ ? | എസ്.ഡി.ആർ.എഫിൽ നിന്നും 2011-12 ൽ 130.71 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 2012-13 വർഷത്തിൽ, 2013 ജനുവരിയിലെ അക്കൗണ്ടന്റ് ജനറലിന്റെ പ്രാരംഭ കണക്കുകൾ പ്രകാരം എസ്.ഡി.ആർ.എഫിൽ നിന്നും 104.70 കോടി രൂപ ചെലവാക്കുകയും 191.98 കോടി രൂപ മിച്ചമായി അവശേഷിക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ